# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജൂലൈ 9**

---

## ഡോ. ബിനു ജോർജ് വർഗീസ് എഐയു കായിക വിഭാഗം ജോയിന്റ് സെക്രട്ടറി

*രാജ്യത്തെ സർവകലാശാലകളുടെ കൂട്ടായ്മയായ അസോസിയേഷൻ ഓഫ് ഇന്ത്യൻ യുണിവേഴ്സിറ്റീസിൽ(എഐയു) കായിക മേഖലയുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറയായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസിനെ നിയമിച്ചു.*

*രാജ്യത്തെ സർവകലാശാലാ തലത്തിലുള്ള കായിക പ്രവർത്തനങ്ങളുടെ ഏകോപനം നിർവഹിക്കുന്നത് എഐയുവിന്റെ സ്പോർട്സ് വിഭാഗമാണ്. സർവകലാശാലാ കായിക നയരൂപീകരണം, ചാമ്പ്യൻഷിപ്പുകളുടെ നടത്തിപ്പ്, ലോക ചാമ്പ്യൻഷിപ്പുകൾ ഉൾപ്പെടെയുള്ള രാജ്യാന്തര വേദികളിൽ ഇന്ത്യയുടെ പ്രാതിനിധ്യം സംബന്ധിച്ച തീരുമാനങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.*

*ദക്ഷിണേന്ത്യയിൽനിന്നും ഈ പദവിയിലെത്തുന്ന ആദ്യത്തെയാളാണ് ഡോ.ബിനു. സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായിരിക്കെ 35-ാമത് ദേശീയ ഗെയിംസിന്റെ ഏകോപനച്ചുമതല വഹിച്ചു.*

*രാജ്യാന്തര തലത്തിൽ ഇന്ത്യയുടെ കായിക മികവ് വർധിപ്പിക്കുന്നതിന് ഉപകരിക്കുന്ന പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുകയെന്ന് ഡോ. ബിനു പറഞ്ഞു.*

ഫോട്ടോ ക്യാപ്ഷൻ...

*ഡോ. ബിനു ജോർജ് വർഗീസ്*

*(പി.ആർ.ഒ/39/1804/2025)*

## ദേശീയ താളവാദ്യോത്സവം; പ്രഭാഷണം ഇന്ന്

*കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ താളവാദ്യോത്സവത്തിനു മുന്നോടിയായുള്ള പ്രഭാഷണ പരിപാടി ഇന്ന്(ജൂലൈ 10) മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടക്കും.*

*രംഗകലയും താളവും അരവിന്ദന്റെ സിനിമകളിൽ എന്ന വിഷയത്തിൽ ഡോ. സി.എസ്. വെങ്കിടേശ്വരൻ പ്രഭാഷണം നടത്തും. സ്കൂൾ ഓഫ് ലെറ്റേഴ്സ് മേധാവി ഡോ. സജി മാത്യു അധ്യക്ഷത വഹിക്കും. ഡോ. അജു കെ. നാരായണൻ, കേളി രാമചന്ദ്രൻ എന്നിവർ സംസാരിക്കും.*

*(പി.ആർ.ഒ/39/1805/2025)*

## ജൈവ വൈവിധ്യ സംരക്ഷണ അവാർഡ്; എം.ജി സർവകലാശാലയുടെ ഹരിത മാതൃകകൾക്കുള്ള അംഗീകാരം

*പരിസ്ഥിതി സംരക്ഷണ മേഖലയിൽ സൃഷ്ടിച്ച പുതു മാതൃകകൾക്കുള്ള അംഗീകാരമാണ് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ലഭിച്ച ജൈവ വൈവിധ്യ സംരക്ഷണ അവാർഡ്. സർക്കാർ,സഹകരണ, പൊതു മേഖലകളിലെ മികച്ച ജൈവ വൈവിധ്യ സംരക്ഷണ സ്ഥാപനമായാണ് സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് എം.ജി സർവകലാശാലയെ തിരഞ്ഞെടുത്തത്.*

*വൈവിധ്യമാർന്ന സസ്യജാലങ്ങൾ തണൽ വിരിക്കുന്ന കാമ്പസ് പൂർണമായും പരിസ്ഥിതി സൗഹൃദമായാണ് പ്രവർത്തിക്കുന്നത്. ജൈവ മാലിന്യങ്ങളും വൃക്ഷങ്ങളുടെ കരിയിലകളും വരെ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന നിർമലം എം.ജി.യു ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിയും കാർബൺ മലിനീകരണം കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്ന ബയോഗ്യാസ് പ്ലാന്റുകളും സൗരോർജ യൂണിറ്റുകളും സർവകലാശാലാ കാമ്പസിനെ വേറിട്ടു നിർത്തുന്നു.*

*ജീവക ലൈവ് ലാബോറട്ടറി എന്ന പേരിൽ 2008 മുതൽ 12 ഏക്കർ സ്ഥലം സംരക്ഷിത മേഖലയായി നിലനിർത്തിയിട്ടുണ്ട്. ഓർഗാനിക് ഫാം, ഔഷധ സസ്യോദ്യാനം, മിയാവാക്കി വനം, പഴവർഗങ്ങളുടെ ഉദ്യാനം, ഭൂമിമിത്ര ക്ലബ്ബ്, പരിസ്ഥിതി ശാസ്ത്ര വിദ്യാർഥികളുടെ ക്ലബ്ബ്, വിദ്യാർഥികൾക്കും സന്ദർശകർക്കും കാമ്പസിലെ മരങ്ങളെ അടുത്തറിയുന്നതിനുപകരിക്കുന്ന ക്യുആർ കോഡ് സംവിധാനം തുടങ്ങിയവയും ഇവിടെയുണ്ട്.*

*ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അധ്യാപകരും വിദ്യാർഥികളും ജീവനക്കാരും പങ്കുചേരുന്നു. അധിനിവേശ സസ്യങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ, സർക്കാർ, സർക്കാരിതര മേഖലകളിലെ ജൈവ വൈവിധ്യ നയരൂപീകരണ പ്രവർത്തനങ്ങളിലെയും പ്രളയാനന്തര ദുരന്തനിവാരണ*

*പഠനങ്ങളിലെയും പങ്കാളിത്തം, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങൾ എന്നിവയും പുരസ്കാര നേട്ടത്തിന് സഹായകമായി.*

*ജൈവ വൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് പുരസ്കാരം പ്രചോദനമാകുമെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.*

**ഫോട്ടോ ക്യാപ്ഷൻ..**

*1. മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിനുള്ളിലെ ഫേണേറിയം*

*2. മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ തണൽ വിരിച്ച വഴി*

*(പി.ആർ.ഒ/39/1806/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**